**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2702** **13-10-2021 - ൽ മറുപടിയ്ക്ക്**

**വിർച്ച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി വിർച്ച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി "വിർച്ച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഫോർ ട്രൈബൽ യൂത്ത്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 26.02.2021-ലെ സ.ഉ(ആർ.റ്റി) നം.445/2021/ പജപവവിവ പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് K-DISC മായി സഹകരിച്ചാണ് നടപ്പിലാക്കി വരുന്നത്. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി 21,20,000/- രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സാമൂഹിക സാമ്പത്തിക അടിസ്ഥാന സർവ്വേ പ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 500 പട്ടികവർഗ്ഗ യുവതീയുവാക്കളെയാണ് ഈ പദ്ധതിയുടെ ആദ്യഘട്ടത്തിലെ ഗുണഭോക്താക്കളായി എടുക്കുന്നത്. |

സെക്ഷൻ ഓഫീസർ